മത്രെ. ഇതുവരെ രാജ്ഞി സന്ദർശിക്കാത്ത ലോകത്തിലെ ഒരു മുഖ്യ തലസ്ഥാനം മോസ്ക്കോ ആകുന്നു.

'വിശ്വാസത്തിന്റെ സംരക്ഷിക' എന്നതു് ബ്രിട്ടീഷ് രാജ്ഞിമാരുടെ ബിരുദമാണ്. പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതമാണ് വിശ്വാസം. അതിനു്, പക്ഷേ, രാജ്ഞിമാരുടെ സംരക്ഷണം വളരെയൊന്നും ആവശ്യമില്ലെന്ന നില ഇതിനകം വന്നുചേർന്നിട്ടുണ്ടു്.

ജനാധിപത്യയുഗമാണല്ലോ ഇതു്. രാജ്ഞിമാരും രാജാക്കന്മാരും ലോകത്തിലെങ്ങും അപൂർവജീവികളായി മാറിയിട്ടുണ്ടു്. ഇന്ത്യയിൽത്തന്നെ അരനൂറ്റാണ്ടുമുമ്പു് എത്രയധികം രാജാക്കന്മാരുണ്ടായിരുന്നു? അവരൊക്കെ ഇന്നു് എങ്ങനെ മാറിപ്പോയിരിക്കുന്നു! കൊല്ലിനും കൊലയ്ക്കുമുള്ള അധികാരം രാജാക്കന്മാരിൽനിന്നു് എടുത്തുകളയപ്പെട്ടതിൽ ഖേദിക്കാനൊന്നുമില്ല. പക്ഷേ, രാജ്യത്തിന്റെ നികുതിവരുമാനം ധൂർത്തടിക്കുന്നതിനുള്ള അധികാരം രാജാക്കന്മാരിൽനിന്നെടുത്തു മന്ത്രിമാർക്കു കൊടുത്തപ്പോൾ, ജനങ്ങൾ യഥാർത്ഥത്തിൽ എന്തു നേടി?

മാത്രമല്ല, അധികാരം ഒട്ടും കൈയാളാതെ, ജനങ്ങൾക്കു് ആഹ്ലാദം സമൃദ്ധമായും സ്ഥിരമായും നല്കുന്ന രാജാക്കന്മാരും രാജ്ഞിമാരുമില്ലേ? ഇസ്പേഡ് റാണിയുടെയും ക്ലാവർ റാണിയുടെയും ആഡ്യൻ റാണിയുടെയും ഡൈമൻ റാണിയുടെയും കൂടെ, ഇടയ്ക്കൊക്കെ ജനങ്ങൾക്കു കൊച്ചുവർത്തമാനം പറയുന്നതിനു വിഷയം നല്കിക്കൊണ്ടു്, ഒരു ബ്രിട്ടീഷ് റാണി കൂടി ഉണ്ടായിരിക്കുന്നതിൽ എന്താണു തരക്കേടു്?

ഷഷ്ടിപൂർത്തി അവസരത്തിൽ ബ്രിട്ടീഷ് രാജ്ഞി അലെക്സാൻഡ്രു മേരി രണ്ടാം എലിസബത്തിനു നാം ആയുരാരോഗ്യങ്ങൾ നേരുക! മററു റാണിമാർക്കു് (ഇസ്പേഡ്—ക്ലാവർ—ആഡ്യൻ—ഡൈമൻ റാണിമാർക്കു്) ഷഷ്ടിപൂർത്തിയില്ലാത്തതിനാൽ എന്തെങ്കിലും നേരുന്നതിനു് അവസരമില്ലല്ലോ.

(15 ജൂൺ, 1986)

# 23. ശരീഅത്തും കടപ്പലിശയും

ഇസ്ലാമിക് ബാങ്കിനെപ്പററി നാലു വർഷം മുമ്പു്, 1982 നവംബറിൽ, ഞാൻ എഴുതിയിരുന്നു.

പണം കടം കൊടുത്തു പലിശ വാങ്ങുന്ന സമ്പ്രദായത്തെ വിശുദ്ധ ഖുർ ആൻ അസന്ദിഗ്ദ്ധമാംവിധം നിരോധിച്ചിട്ടുണ്ടു്. അതേ സമയം, മുസ്ലീങ്ങൾ അടക്കം ലോകജനതയിൽ വലിയ ഒരു വിഭാഗം നിലനിർത്തിപ്പോരുന്ന മുതലാളിത്ത സമ്പദ്‌വ്യവസ്ഥിതി കെട്ടിപ്പടുത്തിട്ടുള്ളതു് പലിശയെന്ന അസ്ഥിവാരത്തിന്മേലാണ്.

മുതലാളിത്ത വ്യവസ്ഥിതിപ്രകാരം, സമ്പാദകർ എന്നും നിക്ഷേപകർ എന്നും ഇടനിലക്കാർ എന്നും മൂന്നു വർഗങ്ങളായി ജനങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അദ്ധ്വാനിച്ചുനേടുന്ന പണത്തിലൊരു ഭാഗം ഭാവിയിലേക്കുവേണ്ടി കരുതിവെക്കുന്നവരാണ് സമ്പാദകർ. സമ്പാദകരുടെ 'സമ്പാദ്യം' ചില വ്യവസ്ഥകളിൽ വാങ്ങി മൂലധനമായി മുടക്കി വ്യവസായങ്ങൾ നടത്തുന്നവരത്രെ നിക്ഷേപകർ. സമ്പാദകരെയും നിക്ഷേപകരെയും കൂട്ടിയിണക്കുന്ന കണ്ണികളാണ് ബാങ്കുപോലുള്ള, ഇടനിലക്കാരായ, പണമിടപാടുസ്ഥാപനങ്ങൾ. നിക്ഷേപകർ ഉണ്ടാക്കുന്ന ലാഭത്തിൽ ഒരു വിഹിതം ഇടനിലക്കാർ വാങ്ങുന്നു; അതിന്റെ ചെറിയ

ഒരംശം സമ്പാദകർക്ക് അവർ നൽകുന്നു. അതേസമയം, സമ്പാദകരുടെ 'സമ്പാദ്യം', നിശ്ചിതകാലാവധിക്കുശേഷം ഏറ്റക്കുറച്ചിൽ കൂടാതെ തിരിച്ചുകൊടുക്കാമെന്ന് ഇടനിലക്കാർ ഏൽക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽനിന്ന് കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിലേക്കും വ്യാപിച്ചിട്ടുണ്ട് പലിശസമ്പ്രദായം. പക്ഷേ, ഖുർ ആൻ ഇതിനെതിരാണ്.

പലിശസമ്പ്രദായത്തെ ഖുർ ആൻ നിരോധിച്ചിട്ടുണ്ടെങ്കിലും, പലിശ സമ്പ്രദായത്തിൽ അസ്തിവാരമുറപ്പിച്ച യൂറോപ്യൻ ബാങ്കിനെത്തന്നെയാണ് സമ്പാദ്യം സ്വരൂപിക്കുന്നതിനും മൂലധനത്തിനുംവേണ്ടി മുസ്ലീങ്ങൾ ഇപ്പോഴും വലിയ തോതിൽ ആശ്രയിച്ചുവരുന്നത്.

പലിശ ഒഴിവാക്കി ബാങ്കിങ് നടത്താനാവുമോ എന്നതു സംബന്ധിച്ച പരീക്ഷണങ്ങൾ മുസ്ലീങ്ങൾ ആരംഭിച്ചത് കാൽ നൂറ്റാണ്ടുമുമ്പു മാത്രമായിരുന്നു. 1960—കളിൽ ഈജിപ്തിലൊരു പ്രൊഫസർ ആയിരുന്ന എൽനഗ്ഗർ, പലിശയ്ക്കു പകരം സമ്പാദകർക്ക് നിക്ഷേപകരുടെ ലാഭനഷ്ടങ്ങളിൽ പങ്കാളിത്തം നൽകുന്ന ഏതാനും ഗ്രാമീണബാങ്കുകൾ നൈൽ നദീ തീരഗ്രാമങ്ങളിൽ നടത്തിനോക്കി. ഈ പരീക്ഷണം വിജയിച്ചപ്പോൾ മുസ്ലീം രാഷ്ട്രങ്ങളിലെല്ലാം ഇത്തരം ബാങ്കുകൾ സ്ഥാപിക്കാൻ എൽനഗ്ഗർ സൗദി അറേബ്യയുടെ സഹായം തേടി. എൽനഗ്ഗറുടെ പ്രയത്നഫലമായി 1973—ൽ സൗദി അറേബ്യയിലെ ജെദ്ദയിൽ 'ഇസ്ലാമിക് ഡവലപ്പ്മെൻറ് ബാങ്ക്' സ്ഥാപിക്കപ്പെട്ടു. തുടർന്ന് മിക്ക മുസ്ലീം രാഷ്ട്രങ്ങളിലും, ബ്രിട്ടൻ അടക്കം പല യൂറോപ്യൻ രാജ്യങ്ങളിലും, ഏതാനും ഇസ്ലാമികബാങ്കുകൾ പ്രവർത്തനമാരംഭിച്ചു. പാകിസ്ഥാനിൽ ബാങ്കിങ് പൂർണമായും 'ഇസ്ലാമികം' ആക്കിയതായി ഏതാനും മാസങ്ങൾക്കു മുമ്പ് പ്രഖ്യാപിക്കപ്പെട്ടിരുന്നു. സമ്പാദകർ ബാങ്കുകളിലിടുന്ന ഡെപ്പോസിറ്റുകൾ സർക്കാരിൻെറ ബാദ്ധ്യതയിൽ ബാങ്കുകൾ നിക്ഷേപകർക്കു കടം കൊടുക്കുകയും, നിക്ഷേപകർ ഉണ്ടാക്കുന്ന ലാഭനഷ്ടങ്ങളിൽ സമ്പാദകർക്കു(ഡിപ്പോസിറ്റർമാർക്ക്) പങ്കാളിത്തം നിയമം മുഖേന ഉറപ്പിക്കുകയുമാണ് 'ബാങ്കുകളുടെ ഇസ്ലാമീകരണം" എന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. നിക്ഷേപകൻെറ ലാഭത്തിലല്ലാതെ നഷ്ടത്തിൽ പങ്കാളിത്തത്തിന് ഒരു സമ്പാദകനും ആഗ്രഹിക്കുകയില്ലല്ലോ. അതിനാൽ, സമ്പാദകൻെറ നഷ്ടം സർക്കാർ നികത്തിക്കൊടുക്കുമെന്ന് ഉറപ്പ് ഉണ്ടാവണം. ഇതിനായി പാകിസ്ഥാൻ ചെയ്തിരുന്നത്, ബാങ്കുകളിലെ ഡെപ്പോസിറ്റുകൾ പ്രധാനമായും സർക്കാർ ആഭിമുഖ്യത്തിലുള്ള കോർപ്പറേഷനുകളുടെ ദൈനംദിന ആവശ്യങ്ങൾക്കും, കയറ്റുമതി—ഇറക്കുമതി ബില്ലുകൾ, ലെറ്റർ ഓഫ് ക്രെഡിററ് മുതലായവ സംബന്ധിച്ച ഇടപാടുകൾക്കും, കമ്പനിഷെയറുകളിൽ നിക്ഷേപിക്കുന്നതിനും മററും, ഉപയോഗപ്പെടുത്തുകയാണ്. അങ്ങനെയാവുമ്പോൾ നിക്ഷേപകൻ നഷ്ടമുണ്ടാക്കുക എന്ന പ്രശ്നമില്ലല്ലോ. 'പലിശ' എന്ന പദം എടുത്തുകളഞ്ഞു എന്നല്ലാതെ, അടിസ്ഥാനപരമായ എന്തെങ്കിലും മാററം ബാങ്കിങ് സമ്പ്രദായത്തിൽ വരുത്തിയതായി ഇസ്ലാമിക് ബാങ്കിങ്ങിൻെറ വക്താക്കൾപോലും അവകാശപ്പെട്ടിട്ടില്ല.

എണ്ണവില അടുത്തകാലത്ത് ലോകവിപണിയിൽ കുത്തനെ കുറഞ്ഞിരിക്കുകയാണല്ലോ. ഇതിൻഫലമായി, എണ്ണക്കയറ്റുമതിമൂലം സമ്പന്നത നേടിയ മദ്ധ്യപൂർവപ്രദേശത്തെ രാഷ്ട്രങ്ങൾ കടുത്ത ഒരു സാമ്പത്തികപ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. സൗദി അറേബ്യയുടെ നാണയത്തിൻെറ ഡോളർവില ഈയിടെ ഗണ്യമായി വെട്ടിക്കുറച്ചതു ഇക്കാരണത്താലാകുന്നു. വികസനപ്രവർത്തനങ്ങൾ സൗദി അറേബ്യയിലും ഗൾഫ് രാജ്യങ്ങളിലും തുലോം മന്ദഗതിയിലായിട്ടുണ്ട്. ഇസ്ലാ

മിക്' ബാങ്കിങ്ങിൻെറ ആദർശങ്ങളെപ്പററി ആഴത്തിൽ ചിന്തിക്കുന്നതിനു' ഈ സാമ്പത്തികമാന്ദ്യം അറബികളെ നിർബന്ധിതരാക്കുകയാണത്രേ.

എണ്ണ വിററുകിട്ടിയ പണത്തിൽ വലിയ ഒരു ഭാഗം അറബികൾ ഡോളറാക്കി മാററി അമേരിക്കൻബാങ്കുകളിൽ പലിശയ്ക്കു നിക്ഷേപിച്ചിരിക്കുകയാണു'. അതേസമയം, ഇതേ ബാങ്കുകളിൽനിന്നു' വികസന പ്രവർത്തനങ്ങൾക്കു വലിയ തോതിൽ അറബി–വ്യവസായസംരംഭകർ കടം വാങ്ങിയിട്ടുമുണ്ടു'. വികസനം മന്ദഗതിയിലാകുമ്പോൾ, മുതലും പലിശയും അടച്ചുതീർക്കുന്നതിൽ കടക്കാർ വീഴ്ചവരുത്തുകയെന്നതു സ്വാഭാവികമാണല്ലോ. എന്നാൽ, സാധാരണ കടക്കാർ ചെയ്യുന്നതുപോലെ, കടം തിരിച്ചടയ്ക്കേണ്ട അവധി നീട്ടിക്കൊടുക്കുവാനോ പലിശ കുറയ്ക്കുവാനോ അല്ല അറബി കടക്കാർ അമേരിക്കൻ ബാങ്കുകളോടു' ആവശ്യപ്പെടുന്നതു'.

1986 മെയ്' 26–ലെ 'ന്യൂസ്'വീക്ക്'' വാരിക എഴുതുന്നു:

'പലിശ നല്കുന്നതു' നിരോധിച്ചിട്ടുള്ള ഇസ്'ളാമിക–ശരിഅത്ത്' നിയമം ഉദ്ധരിച്ചാണു' സൗദി അറേബ്യയിലെ കടക്കാർ, തങ്ങൾക്കു കടം നൽകിയ (അമേരിക്കൻ ബാങ്കുകളെ) വീർപ്പുമുട്ടിക്കുന്നതു'. സൗദി അറേബ്യയിലെ നിയമം ശരിഅത്ത്' ആണു'; ജഡ്ജിമാർ മൊല്ലമാരും. ഉത്തമർണർക്കെതിരെ, സംരക്ഷണത്തിനു' ഖുർ ആൻ ഉദ്ധരിക്കുന്ന കടക്കാരോടു' ഈ ജഡ്ജിമാർക്കു' അനുഭാവമുണ്ടു'. ഈ പ്രശ്നം ഇപ്പോൾ സൗദി അറേബ്യയിൽനിന്നു' യു. എ. ഇ. യിലേക്കും ബഹ്'റിനിലേക്കും പടന്നിരിക്കുന്നു....സൗദി അറേബ്യയിൽത്തന്നെ തൊള്ളായിരം കോടി ഡോളറോളം കടം കാലാവധി കഴിഞ്ഞും അടച്ചുതീർക്കാതെയുണ്ടെന്നു' ഒരു അമേരിക്കൻ സ്ഥാപനം കണക്കാക്കിയിട്ടുണ്ടു'.

'സൗദി അറേബ്യയിലെ പല കടക്കാരും 'മതം' കണ്ടെത്തിയതു' ജീവിതത്തിൽ വളരെ വൈകിയിട്ടാണു'. ക്രി. പി. ഏഴാം നൂററാണ്ടു മുതൽ നിലവിലുള്ളതാണു' ഖുർ ആനിലെ പലിശനിരോധം. പക്ഷേ, ഈയിടത്തെ എണ്ണപ്പണപ്പെരുപ്പക്കാലത്തു' പലിശപ്രശ്നം വാക്കുകൊണ്ടു കസർത്തുകളിച്ചു' ബാങ്കർമാർ പരിഹരിച്ചു. 'ഭരണഫീസ്'' (അഡ്'മിനിസ്ട്രേററീവ്' ഫീസ്'), 'കടം ആരംഭിക്കുമ്പോഴത്തെ കിഴിവു'' (ലോൺ ഇനിഷ്യേഷൻ ഡിസ്'കൗണ്ട്') എന്നീ പേരുകളിൽ, 'പലിശ' എന്ന പേർ പറയാതെ, ബാങ്കുകൾ പലിശ ഈടാക്കി. എണ്ണവില ഉയർന്നുനിന്നു', സൗദി സമ്പദ്'വ്യവസ്ഥ പെട്ടെന്നു വികസിച്ചുകൊണ്ടിരുന്നപ്പോൾ ആർക്കും ഇതിൽ ആക്ഷേപമില്ലായിരുന്നു. പക്ഷേ, സാമ്പത്തിക ഞെരുക്കം തുടങ്ങിയപ്പോൾ, വാങ്ങിയ കടത്തിനു പലിശ അടയ്ക്കുന്നതു' മതത്തിനെതിരാണെന്നു' നാടെങ്ങുമുള്ള മുസ്ലീം ബിസിനസ്സുകാർ തീരുമാനിച്ചു.'

കടംകേറി മുടിഞ്ഞ പല ലാററിൻ–അമേരിക്കൻ രാഷ്ട്രങ്ങളെയും പോലെ, സൗദി അറേബ്യ സാമ്പത്തികമായി തകർന്നിട്ടൊന്നുമില്ല. എണ്ണായിരം കോടി ഡോളറോളം മിച്ചം സൗദി അറേബ്യക്കാരുടെ കൈവശമുണ്ടെന്നു' അമേരിക്കൻ ഗവണ്മെൻറുദ്യോഗസ്ഥർ കണക്കാക്കിയിട്ടുണ്ടു'. ഇതൊക്കെ ദീർഘകാലനിക്ഷേപങ്ങളാണു'. റൊക്കം പണം കൈയിലില്ലെന്നതാണു' അവരുടെ ഇപ്പോഴത്തെ വിഷമം. അതിനാൽ, രാജകുടുംബാംഗങ്ങൾ ഉൾപ്പെടെ പല വലിയ സൗദി കൺട്രാക്ടർമാരും കടം അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയാണത്രേ.

'ന്യൂസ്'വീക്ക്'' തുടരുന്നു:

'തങ്ങൾക്കു' ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിവില്ലെന്നു വിദേശ

ബാങ്കുകൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ശരീഅത്ത് നിയമങ്ങൾക്കെതിരായി വിധി പ്രസ്താവിക്കും ഇസ്ലാമിക-കോടതികൾ എന്ന് കരുതുക വയ്യ. മറുനാട്ടുകാരനായ ഒരു ഉത്തമർണൻ (ക്രെഡിററർ) നാട്ടുകാരനായ ഒരു കടക്കാരന്റെ (അധമർണന്റെ) സ്വത്ത് കണ്ടുകെട്ടുന്നതും ഈ കോടതികൾ അനുവദിക്കുകയില്ല. ഇതിൻഫലമായി, അധികാരം ഉത്തമർണനിൽനിന്ന് അധമർണനിലേക്ക മാറിയിരിക്കുന്നു. ഏതാനും വഷം മുമ്പ് ഒരു കടക്കാരന് അനുകൂലമായി ഒരു കോടതിവിധി ഉണ്ടായതു മുതൽ, കടം തിരിച്ചടയ്ക്കാൻ സമ്മതമുള്ള സൗദി കമ്പനികൾകൂടി, 'ഫൈണഫീസ്സും' മററു കിഴിവുകളും വെട്ടിക്കറയ്ക്കണമെന്ന് ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുകയാണ്. നാല്പത്തിമൂന്ന് അന്താരാഷ്ട്രീയ ബാങ്കുകൾക്ക് മുപ്പതു കോടി ഡോളർ കടം അടച്ചുതീർക്കാനുള്ള അറേബ്യൻ ആട്ടോ ഏജൻസി, പാശ്ചാത്യ ബാങ്കുകൾക്ക് എട്ടുകോടി ഡോളർവരെ കടം തിരിച്ചുകൊടുക്കാൻ ഉള്ള അറേബ്യൻ ഹോംസ്കമ്പനി എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു.'

ഈ ഇടപാടിൽ ചില പ്രമുഖ അമേരിക്കൻ ബാങ്കുകൾക്ക നേരിടുന്ന പ്രയാസങ്ങളെപ്പററിയും 'ന്യൂസ്‌വീക്ക്' പറയുന്നുണ്ട്. ഷിക്കാഗോവിലെ ഫസ്റ്റ് നാഷനൽ ബാങ്ക് സൗദി അറേബ്യയിൽനിന്ന് ഇരുപതു കോടി ഡോളർ കടം പിരിഞ്ഞുകിട്ടാനുള്ളതു സംബന്ധിച്ച പുതിയ വ്യവസ്ഥകൾ ആലോചിച്ചുവരുകയാണത്രേ. ഒരു സൗദി ബാങ്കിൽ ഇരുപതു ശതമാനം പലിശയ്ക്കു നിക്ഷേപിച്ച പണമത്രയും ചേസ്മാൻ ഹട്ടൻ ബാങ്കിനു നഷ്ടപ്പെട്ടിരിക്കുന്നു. അറേബ്യൻ ബാങ്കുകളും ഈ നഷ്ടത്തിൽനിന്ന് ഒഴിവായിട്ടില്ല. പക്ഷേ, ഇത്രയും കാലമായി പലിശ നൽകേണ്ടതില്ലാത്ത ഡെപ്പോസിററുകൾ വാങ്ങി ലാഭമുണ്ടാക്കുന്നവയായിരുന്നു അറേബ്യൻ ബാങ്കുകൾ എന്നൊരു വ്യത്യാസമുണ്ട്.

പല അമേരിക്കൻ ബാങ്കുകളും മദ്ധ്യപൂർവപ്രദേശത്തെ ഇടപാടുകൾ ചുരുക്കുകയോ, തീരെ വേണ്ടെന്നുവെക്കുകയോചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്ന് 'ന്യൂസ്‌വീക്ക്' തുടരുന്നു. 'സിററി കോർപ്' എന്ന ബാങ്ക് ബഹ്റിനിലും, യു. എ. ഇ. യിലും ഉള്ള ശാഖകളിൽ പല ജോലിക്കാരെയും പിരിച്ചുവിട്ടിരിക്കുന്നു. ചേസ്മാൻഹട്ടൻ ബാങ്ക് ജോർഡാൻ വിട്ടു പോന്നിരിക്കുന്നു. എന്നാൽ, അങ്ങനെ വിട്ടുപോരുന്നതു ഹ്രസ്വദൃഷ്ടിയായിരിക്കുമെന്നാണു മററു പലരുടെയും വിചാരം. ശരീഅത്ത് നിയമങ്ങളെപ്പററി മുമ്പേ അറിയാമായിരുന്നിട്ടും ലാഭത്തിലുള്ള ഭ്രമമൂലം മദ്ധ്യപൂർവപ്രദേശത്തു് ഇടപാടുകൾ നടത്തിയ ബാങ്കുകാർ, അതിൽനിന്ന് ഉത്ഭവിച്ച പ്രശ്നങ്ങൾ നേരിടുകതന്നെ വേണമെന്ന് അവർ പറയുന്നു. സൗദി അറേബ്യയിലെ ഫഹ്ദ് രാജാവ് തങ്ങളെ സഹായിക്കുമെന്നാണ് അവരുടെ ആശ. കടപ്രശ്നം ഇസ്ലാമികനിയമത്തിന്റെ പരിധിയിൽനിന്നും മാററി, വ്യാപാരനിയമ(കമേഴ്സ്യൽ ലാ)ത്തിന്റെ പരിധിയിൽ കൊണ്ടുവരാമോ എന്നു പരിശോധിക്കുവാൻ ഒരു കമ്മീഷനെ ഫഹ്ദ് രാജാവ് നിയമിച്ചിട്ടുണ്ട്.

ഫഹ്ദ് രാജാവിന്റെ നേരേ എതിർദിശയിലേക്കാണല്ലോ രാജീവ് ഗാന്ധിയുടെ യാത്ര. ശരീഅത്ത്നിയമങ്ങളുടെ വ്യാപ്തി ചുരുക്കാൻ ഫഹ്ദ് രാജാവ് ആലോചിക്കുമ്പോൾ, ഈ നിയമങ്ങളെ പുതിയ മേഖലകളിലേക്ക വ്യാപിപ്പിച്ചിരിക്കുകയാണ് ഇന്ത്യൻ പാർലമെൻറ്. വിവാഹമുക്തയായ ഭാര്യക്കു ചെലവിനുകൊടുക്കാൻ പീനൽകോഡ് പ്രകാരം ഭർത്താവിനുള്ള ബാദ്ധ്യതയിൽനിന്ന ശരിഅത്തിന്റെ പേരിൽ മുസ്ലീങ്ങളെ നമ്മുടെ പാർലമെൻറ് മോചിപ്പിച്ചിരിക്കുന്നു. തുല്യയുക്തി കൊണ്ട്, കടപ്പലിശ നൽകുന്നതിനു സിവിൽ നിയമപ്രകാരമുള്ള ബാദ്ധ്യതയിൽനിന്ന് ശരീഅത്തിന്റെ പേരിൽ മുസ്ലീം കടക്കാരെയും

ഇന്ത്യൻ പാർലമെൻറ് മോചിപ്പിക്കേണ്ടതല്ലേ? ശരീഅത്ത് ഭർത്താക്കന്മാർക്ക് നൽകുന്ന സംരക്ഷണം എന്തുകൊണ്ട് കടക്കാർക്ക് നിഷേധിക്കണം?

ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അൻസാരി, താങ്കൾ ഇതിനെപ്പററി എന്തു പറയുന്നു?

(5 ജൂൺ, 1986)

# 24. വാർത്താവിതരണ–ആശയ പ്രചാരണരംഗങ്ങളിൽ വിപ്ളവം

വീഡിയോ കാസ്സെററുകൾ വാടകയ്ക്കു വാങ്ങുകയെന്നതു് ഇന്ത്യയിൽ ഈയിടെ സർവസാധാരണമായിട്ടുണ്ട്. കോഴിക്കോട്ട് അഞ്ചു രൂപ വാടകയ്ക്ക് ഒരു വീഡിയോ കാസ്സെററ് ഇപ്പോൾ കിട്ടും. നിങ്ങൾ കടയിൽ പോയി വാങ്ങേണ്ട; കാസ്സെററ് നിങ്ങൾക്കു വീട്ടിൽ എത്തിച്ചുതരും. രണ്ടു ദിവസം കൈവശംവച്ച്, മൂന്നാം ദിവസം നിങ്ങൾ അതു തിരികെ കൊടുക്കണം. കൈവശംവയ്ക്കുന്ന ദിവസങ്ങളിൽ, നിങ്ങൾക്കു കാസ്സെററ് എത്ര തവണ വേണമെങ്കിലും ഉപയോഗപ്പെടുത്താം. ഈ ദിവസങ്ങളിൽ നിങ്ങളുടെ സുഹൃത്തുക്കളുമായി നിങ്ങൾ അതു പങ്കിട്ടു് ഉപയോഗിക്കുന്നതിനും വിരോധമില്ല.

ടെലിവിഷൻ സെററുപോലെതന്നെ പരിഷ്കൃതജീവിതത്തിനു് അനുപേക്ഷണീയമായിരിക്കുന്നു, വീഡിയോ കാസ്സെററ് പ്രൊജക്ട് ചെയ്തു കാണാൻ ഉപയോഗിക്കുന്ന വി. സി. ആർ., വി. സി. പി. എന്നീ ഉപകരണങ്ങളും. വിദേശനിർമിതങ്ങളായ ഇവയ്ക്കു യഥാക്രമം പന്തീരായിരത്തോളവും എണ്ണായിരത്തോളവും രൂപ വില ഇപ്പോൾ ഇന്ത്യയിൽ ഉണ്ടത്രേ.

തിയേററുകളിൽ ഓടുന്നവയോ, ഓട്ടം നിർത്തിയവയോ ആയ ഫീച്ചർ ഫിലിമുകളാണ്, സാധാരണ നിലയിൽ, നമുക്കു കിട്ടുന്ന വീഡിയോ കാസ്സെററുകളുടെ ഉള്ളടക്കം, ഇവയ്ക്കു പുറമെ, ആവശ്യക്കാർക്കു രഹസ്യമായി 'നീലച്ചിത്ര'ങ്ങളുടെ വീഡിയോ കാസ്സെററുകളും ധാരാളമായി കിട്ടാനുണ്ടത്രേ. എന്തോ! എനിക്കവ കാണാൻ കഴിഞ്ഞിട്ടില്ല.

വീഡിയോ പ്രദർശനങ്ങൾ കാണുന്നതിനായി തങ്ങളുടെ ഇരിപ്പുമുറികളിലേക്ക് അയൽക്കാരെ ക്ഷണിക്കുന്നവർ കുറവല്ല. പ്രദർശനം കാണാൻ എത്തുന്നവരോടു ചുരുങ്ങിയ ഒരു ഫീസ് വസൂൽചെയ്യുന്ന ഏർപ്പാടും ചിലേടത്തുണ്ട്. തിയേററിൽച്ചെന്നു ഫിലിം കാണുന്നതിനേക്കാൾ ചെലവു കുറവും സൗകര്യക്കൂടുതലും ഉള്ളതിനാൽ, പണം കൊടുത്തായാലും, അയൽവീട്ടിൽച്ചെന്നു വീഡിയോ കാണുന്നതിൽ പലർക്കും സന്തോഷമേയുള്ളു.

നമ്മെസ്സംബന്ധിച്ചിടത്തോളം വീഡിയോ ഇപ്പോൾ ഇടത്തരക്കാരുടെ ഒരു വിനോദോപാധിമാത്രമേ ആയിട്ടുള്ളു. പക്ഷേ, വാർത്താവിതരണത്തിലും ആശയപ്രചാരണത്തിലും ഒരു മൗലികവിപ്ലവമാണ് വീഡിയോ കാസ്സെററുകളിൽ അടങ്ങിയിരിക്കുന്നതെന്നു വിശ്വസിക്കുന്നവർ കുറവല്ല. കമ്യൂണിസവും മുതലാളിത്തവും തമ്മിൽ ലോകവ്യാപകമായി നടന്നുവരുന്ന മത്സരത്തിൽ കരുത്തേറിയ ഒരു ആയുധമായി വീഡിയോ